# നീര പ്ലാന്റിന്റെ ശിലാസ്ഥാപനം 20ന്

കോഴിക്കോട്: ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയുടെ നീര പ്ലാന്റിന്റെ ശിലാസ്ഥാപനം ഈ മാസം 20ന് 3 മണിക്ക് മരുതോങ്കര പഞ്ചായത്തിലെ മുള്ളൻകുന്നിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കും.

മന്ത്രി കെ.പി.മോഹനൻ അദ്ധ്യക്ഷത വഹിക്കും. കമ്പനിയുടെ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണോത്ഘാടനം മുല്ലപ്പള്ളി രാമചന്ദ്രൻ എം.പിയും പ്രാരംഭാടിസ്ഥാനത്തിൽ കമ്പനി തയ്യാറാക്കിയ നീര ശർക്കരയുടെ വിതരണം ഇ.കെ വിജയൻ എം.എൽ.എയും നിർവ്വഹിക്കും. ചടങ്ങിൽ നീര ചെത്താനായി പരിശീലനം നേടിയ നീര മാസ്റ്റർ ട്രെയിനർമാരെ കെ.കെ. ലതിക എം.എൽ.എ ആദരിക്കും. കമ്പനിയുടെ ലോഗോ പ്രകാശനം സി.കെ നാണു എം.എൽ.എ നിർവ്വഹിക്കും. നാളികേര ബോർഡ് ചെയർമാൻ ടി.കെ.ജോസ് മുഖ്യ പ്രഭാഷണം നടത്തും. കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ബാബു മാസ്റ്റർ മത്താത്ത് സ്വാഗതവും ഡയറക്ടർ കെ. സി. ബാലകൃഷ്ണൻ നന്ദിയും പറയും.